(സി) പ്രസ്തുത കെട്ടിട നിർമ്മാണം സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 50 വർഷത്തിലധികം പഴക്കമുണ്ട്.

(ബി) വെളിയം വില്ലേജാഫീസ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി 2015-16-ലേക്ക് തെരഞ്ഞെടുത്ത 8 വില്ലേജുകളിൽ, കൊട്ടാരക്കര താലൂക്കിലെ വെളിയം വില്ലേജോഫീസ് ഉൾപ്പെട്ടു വരുന്നില്ല.

റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

119(2998) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിലെ എത്ര ശതമാനം റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായെന്നും സർട്ടിഫിക്കറ്റുകൾ അടക്കം എല്ലാ രേഖകളും കമ്പ്യൂട്ടർവഴി നൽകുന്നുവെന്നും പറയാമോ ;

(സി) എപ്പോഴേയ്ക്ക് ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. റെലിസ് പദ്ധതി മുഖേന റവന്യൂ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും തുടർന്ന് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റെലിസ് Ver.1 പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചുകൊണ്ട് 15-9-2011 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പാക്കിയിരുന്നു. ഇതിലുള്ള അപാകതകൾ കൂടി പരിഹരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി ആയത് പരിഷ്കരിക്കുകയും അതുപയോഗിച്ചു കൊണ്ട് റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 17-8-2015 മുതൽ തുടങ്ങിയ സംയോജിത ഓൺലൈൻ പോക്കുവരവ് തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി 31-3-2016-നകം ടി പദ്ധതി സംസ്ഥാനത്തെ 420 വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് അവിടങ്ങളിൽ ഓൺലൈൻ പോക്കുവരവ് ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) നിലവിൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും ഭൂമി സംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ താലൂക്ക്/വില്ലേജ് ഓഫീസുകളിൽനിന്നും നൽകിവരുന്നു.

(സി) 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/ റവന്യൂ പ്രകാരം സംസ്ഥാനമൊട്ടാകെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 31-3-2016-നകം സംസ്ഥാനത്തെ 420 വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് അവിടങ്ങളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ വില്ലേജുകളിലെയും രേഖകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കായൽ കയ്യേറ്റം

120(2999) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കായൽ കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ജില്ലകളിലായി ജലസ്രോതസ്സുകളിൽ നടക്കുന്ന ഇത്തരം കയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉള്ളടക്കം വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കായൽ കയ്യേറ്റം സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly